# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **05.03.2018-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1017**

## അരൂർ മണ്ഡലത്തിലെ പെരുമ്പളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എം. ആരിഫ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) അരൂർ മണ്ഡലത്തിലെ പെരുമ്പളം പഞ്ചായത്തിലെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമെന്ന നിലയിൽ പരിഗണിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരും പി.ടി.എ. ഭാരവാഹികളും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത ശില്പശാലയിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ക്ഷണപ്രകാരം പങ്കെടുത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. എന്നാൽ പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ആദ്യഘട്ടത്തിൽ പരിഗണിച്ചിട്ടില്ല. |
| (ബി) ഈ വിദ്യാലയത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ്, പ്ലാൻ, പ്രോജക്ട് എന്നിവ തയ്യാറാക്കുന്നതിന് നാളിതുവരെയും ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പ്രസ്തുത വിദ്യാലയത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ്, പ്ലാൻ, പ്രോജക്ട് എന്നിവ തയ്യാറാക്കുന്നതിന് 01.08.2017-ന് ആസാദി സ്കൂൾ ഓഫ് ആർക്കിടെക്റ്റ്, വൈറ്റില, എറണാകുളം എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

(സി) ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും പെരുമ്പളം ദ്വീപിൽ പ്രവർത്തിക്കുന്നതുമായ വിദ്യാഭ്യാസ സ്ഥാപനമെന്ന പരിഗണന നൽകി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മൂന്ന് കോടി രൂപ അനുവദിക്കുന്നതിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) ആയിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നതും പെരുമ്പളം ദ്വീപിൽ പ്രവർത്തിക്കുന്നതുമായ പെരുമ്പളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-18 ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ പരിഗണിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽ നിന്നും വിട്ടുപോയിട്ടുള്ള സ്കൂളുകൾക്ക് മുമ്പ് പ്രഖ്യാപിച്ച മൂന്ന് കോടി രൂപവരെയുള്ള ധനസഹായം ലഭ്യമാക്കുന്നതാണെന്ന് 2018-19ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി സ്കൂളിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആസാദി സ്കൂൾ ഓഫ് ആർക്കിടെക്റ്റ്, വൈറ്റില, എറണാകുളം എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ